LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ

197 (946) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ലോക്ഡൗൺ കാലത്ത് സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

കേരളത്തിൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിൽ അതിഥി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അകത്ത്/പുറത്ത് ട്രെയിനിൽ യാത്ര ചെയ്യുന്ന അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഷൊർണ്ണൂർ, പാലക്കാട്, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ പ്രത്യേക രജിസ്ട്രേഷൻ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ രജിസ്ട്രേഷൻ കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തൊഴിലിടങ്ങൾ അടയ്ക്കപ്പെടുന്നതിനാൽ നാട്ടിലേയ്ക്ക് മടങ്ങാനാവാതെ സംസ്ഥാനത്ത് തങ്ങുന്ന അതിഥി തൊഴിലാളികളുടെ താമസം, ഭക്ഷണം, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പാക്കുകയും ടി തൊഴിലാളികൾക്കായി ക്യാമ്പുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ലോക്ഡൗണിൽ ടി തൊഴിലാളികൾക്ക് ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭക്ഷണ കിറ്റുകൾ (Dry Ration) സിവിൽ സപ്ലൈസ്വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ ഉടനടി ടെസ്റ്റ് നടത്തി മാറ്റി പാർപ്പിക്കുന്നതിനും അവർ അധികമായുള്ള സ്ഥലങ്ങളിൽ അവർക്കായി ഡൊമിസിലിയറി കോവിഡ് കെയർ സെന്റർ (DCCC) തിരുവനന്തപുരം-1, കൊല്ലം-2, ആലപ്പുഴ-2, പാലക്കാട്-1, പ്ലാന്റേഷനുകളിൽ ഇടുക്കി-1, പാലക്കാട്-1 എന്നിങ്ങനെ ആരംഭിച്ചിട്ടുണ്ട്. ഇവർക്കായി സി.എഫ്.എൽ.റ്റി.സി.-കൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് അതിഥി തൊഴിലാളികൾക്കും ആയത് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഇൻഷ്വറൻസ് പരിരക്ഷയും ലക്ഷ്യംവച്ച് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ആവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 13-1-2021 വരെ 5,09,451 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികൾക്ക് പ്രത്യേക പാർപ്പിട പദ്ധതി ഒരുക്കുന്നതിന് വകുപ്പ് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; കൂടുതൽ സ്ഥലത്തേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യമാണ് അപ്നാഘർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ പങ്കുവയ്ക്കപ്പെടുന്ന കിടപ്പു മുറികളും ഒന്നിലധികം അടുക്കളകളും മെസ്സ് ഏര്യകളും കുളിമുറികളും ടോയ്ലെറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും ശുപകല്പന ചെയ്യപ്പെട്ടിരിക്കുന്നു. ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതി ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ, കിനാലൂരിൽ, കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ ഏ+2 നിലകളിലായി 520 ബെഡുകളോടുകൂടി 14.67 കോടി രൂപ നിർമ്മാണ ചെലവുള്ള ഹോസ്റ്റൽ സമുച്ചയവും എറണാകുളത്ത് കളമശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിർമ്മാണത്തിനായി സ്ഥലവും ഭരണാനുമതിയും പദ്ധതിക്കായുള്ള ഫണ്ടും ലഭ്യമാകുന്നമുറയ്ക്ക് എല്ലാ ജില്ലകളിലും അപ്നാഘർ പദ്ധതി നടപ്പിലാക്കുന്നതാണ്. 1971-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കെട്ടിട ഉടമകളുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് "ആലയ്". ഈ പദ്ധതി പ്രകാരം 6.5 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അടുക്കള, ബെഡ്റൂം, വരാന്ത, ശുചിമുറി എന്നിവ ഉൾപ്പെടുന്ന പാർപ്പിട സൗകര്യം അതിഥി തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിലുള്ള വെബ്പോർട്ടലിലൂടെ കെട്ടിട ഉടമസ്ഥർക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിശദവിവരം നൽകാവുന്നതും ആയത് അതിഥി തൊഴിലാളികൾക്ക് വാടക നൽകി കരസ്ഥമാക്കാവുന്നതുമാണ്. നിലവിൽ കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ സ്ഥലങ്ങളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്.

മണലൂർ ഐ.ടി.ഐ.-യ്ക്ക് പുതിയ ട്രേഡ്

198 (947) ശ്രീ. മുരളി പെരുനല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.-യിൽ നിലവിൽ പരിമിതമായ ട്രേഡുകളാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതിയ ബ്ലോക്കിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പുതിയ ഒരു ട്രേഡുകൂടി ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

ശിപാർശ ലഭിക്കുന്നമുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണം

199 (948) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ടി ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി KIIFB പദ്ധതിയുടെ ഭാഗമായി അനുവദിച്ച 12.79 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

2. 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന സ്കിൽ സ്ട്രെങ്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ് (STRIVE) പദ്ധതിയുടെ കീഴിൽ അനുവദിച്ച 178.36 ലക്ഷം രൂപയിൽ നിന്നും